

...മെൻസ് വെൽഫെയർ അസോ... കുടുംബസംഗമവും എൽദോ... ...യ്യുന്നു.

## ...ർ വാർഷികം

...നടത്തി. യൂണിറ്റിലെ മുതിർ... അംഗങ്ങളെ പൊന്നാടയണി...ച്ച് ആദരിച്ചു. 2018–19 ലേക്കു... ഭരണ നിർവഹണ സമിതി... തെരഞ്ഞെടുത്തു. എ. വിശ്വ...ഥൻ നായർ (പ്രസിഡന്റ്), രാ...ന്ദ്രബാബു (വൈസ് പ്രസിഡ...), ടോമി പോൾ (സെക്രട്ടറി), ...ജയൻ വി.ജി. (ജോയിന്റ് സെ...ട്ടറി), ശ്രീനിവാസ് (ട്രഷറർ) ...ന്നിവരെ തെരഞ്ഞെടുത്തു.

## ...ണി നെല്ലൂർ

.... കൊറ്റം, ബിനോയി സി. പു...ൻ, എ.പി. എൽദോസ്, എ. ...ക. ചെറിയാൻ, ജോയി കൗ...റാംപിള്ളി, ജോണി പുളിന്തടം, ...ടി. വർക്കി, അഡ്വ. ജോളി മു...ഴയ്ക്കൽ, ടി.വി. ബേബി, ജാൻ... മാത്യു, ജോബി പുല്ലൻ, മാ...ത്യു മൂക്കാത്ത്, പയസ് ഓലിയപ്പു... എന്നിവർ പ്രസംഗിച്ചു.

## ...ാധിച്ചു



...നേതൃത്വത്തിൽ കെ.എസ്.ഇ.ബി. ...ക്കുന്നു.

...വ്യാപാരി നേതാക്കളായ കെ. ...കെ. നാസർ, അബു വട്ടപ്പാറ, ...എൻ.ബി. യൂസഫ്, എൻ.എം. ...അലി,എം.യു. റഫീഖ് തുടങ്ങിയ...വർ നേതൃത്വം നൽകി.

# ഗ്ലോബൽ എഡ്യുക്കേഷന്റെ ഭാഗമായി വിശ്വജ്യോതി യൂറോപ്യൻ രാജ്യങ്ങളിൽ

വാഴക്കുളം: വിശ്വജ്യോതി കോളജ് ഓഫ് എൻജിനീയറിങ് ടെക്നോളജിയിലെ അധ്യാപകരും മാനേജ്മെന്റ് പ്രതിനിധികളും ഉൾപ്പെടുന്ന ഒരു സംഘം യൂറോപ്യൻ രാജ്യങ്ങളിൽ പര്യടനം പൂർത്തിയാക്കി തിരിച്ചെത്തി. കോളജിലെ ഇൻഡസ്ട്രി ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷന്റെ ഭാഗമായിട്ടാണ് ഈ സന്ദർശനം സംഘടിപ്പിച്ചത്. സ്വിറ്റ്സർലന്റിലെ സൂറിച്ചിലുള്ള പ്രമുഖ സർവകലാശാലയായ ഇ.ടി.എച്ച്., ഇന്റർനാഷണൽ ബിസിനസ് മെഷീൻ കോർപ്പറേഷന്റെ (ഐബിഎം) സൂറിച്ചിലുള്ള ഗവേഷണകേന്ദ്രം, ജർമ്മനിയിലെ പ്രശസ്തമായ ഗോട്ടിങ്ങൻ യൂണിവേഴ്സിറ്റി, അതിനോടനുബന്ധിച്ചുള്ള ഡി.എൽ.ആർ. എയ്റോസ്പേസ് സെന്റർ, ആസ്ട്രിയയിലെ യുണൈറ്റഡ് നേഷൻസ് ആസ്ഥാനം, ഡെൻമാർക്കിലെ ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി, ഐ.ബി.എമ്മിന്റെ സ്റ്റോക്ക്ഹോം സെന്റർ, ബോണിലെ സീനിയർ എക്സ്പെർട്ടൻ സർവീസസ് എന്നീ സ്ഥാപനങ്ങൾ സംഘം സന്ദർശിച്ചു.

കൂടാതെ ഏപ്രിൽ 23 മുതൽ 27വരെ ജർമ്മനിയിലെ ഹാനോവറിൽ നടന്ന ഹാനോവർമെസ്സെ എന്ന പേരിലുള്ള ലോകത്തിലെ തന്നെ ഏറ്റവും വലിയ വ്യവസായ പ്രദർശനത്തിൽ സംഘം പങ്കെടുത്തു. വിശ്വജ്യോതിയിലെ ഡയറക്ടർ ഡോ. ജോർജ് താനത്തുപറമ്പിൽ, ട്രസ്റ്റ് ട്രഷറർ ലൂക്കാച്ചൻ ഓലിക്കൽ, ഇൻഡസ്ട്രി ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷൻ സെൽ ഡീൻ ഡോ. കെ.കെ. രാജൻ, മെക്കാനിക്കൽ വിഭാഗം മേധാവി വിനോജ്, മെക്കാനിക്കൽ വിഭാഗം പ്രഫ. ദേവസി കെ.ജെ. എന്നിവരാണ് സംഘത്തിൽ ഉണ്ടായിരുന്നത്.അധ്യാപകർക്കും വിദ്യാർഥികൾക്കും പരിശീലനം, ഉപരിപഠനം, ഗവേഷണം മുതലായവ യൂറോപ്യൻ രാജ്യങ്ങളിൽ ലഭ്യമാക്കുവാനുള്ള ചർച്ചകൾക്ക് തുടക്കം കുറിക്കുകയും അടുത്ത വർഷം ഏപ്രിൽ ഒന്നു മുതൽ അഞ്ചുവരെ നടക്കുന്ന ഹാനോവർ മെസ്സെയിൽ വിശ്വജ്യോതിയുടെ പങ്കാളിത്തം ഉറപ്പുവരുത്തുകയും ചെയ്യുമെന്ന് കോളജ് മാനേജ്മെന്റ് അറിയിച്ചു.



■ ആരോഗ്യ ജാഗ്രത പദ്ധതി അവലോകനയോഗ ഉദ്ഘാടനം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് റഷീദ സലിം ഉദ്ഘാടനം ചെയ്യുന്നു.

# വെള്ളി മുതൽ ഞായർ വരെ ഡ്രൈഡേ ആചരിക്കുമെന്ന്

കോതമംഗലം: എല്ലാ വെള്ളിയാഴ്ചയും സ്കൂളുകളിലും ശനിയാഴ്ചകളിൽ ഓഫീസുകൾ, സ്ഥാപനങ്ങൾ, ഞായറാഴ്ച വീടുകൾ എന്നിവിടങ്ങളിൽ ഡ്രൈഡേ ആചരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ സംസ്ഥാന സർക്കാർ പദ്ധതിയായ ആരോഗ്യജാഗ്രത കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് തല യോഗ തീരുമാനം.

വാർഡ് അടിസ്ഥാനത്തിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള ആരോഗ്യ സേനയുടെ നേതൃത്വത്തിൽ ഉറവിട നശീകരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക, ഓഫീസുകളും സ്ഥാപനങ്ങളും പരിസരവും ബന്ധപ്പെട്ടവർ അടിയന്തരമായി ശുചീകരിക്കുക, സ്കൂളുകൾ തുറക്കുന്നതിന് മുമ്പായി കുടിവെള്ള സ്രോതസ്, പരിസരം എന്നിവ വൃത്തിയാക്കുക, ഇതരസംസ്ഥാന തൊഴിലാളികളുടെ തൊഴിലിടവും താമസ സ്ഥലവും പരിശോധന നടത്തി അപാകതകൾ അടിയന്തരമായി പരിഹരിക്കുക. റബർ, പൈനാപ്പിൾ, കൊക്കോ തോട്ട ഉടമകളുടെയും കോഴി, ക്ഷീര കർഷകരുടെയും യോഗം വിളിച്ചുചേർത്ത് ആരോഗ്യ ജാഗ്രതയുടെ നിർദേശങ്ങൾ നൽകാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി. ജല സ്രോതസുകളുടെ ക്ലോറിനേഷൻ ഊർജിതപ്പെടുത്തുവാനും ആഹാര പാനീയങ്ങൾ വിൽപന നടത്തുന്ന വ്യാപാര ഉത്പാദന കേന്ദ്രങ്ങളിൽ ശുചിത്വ പരിശോധനകൾ കർശനമാക്കുന്നതിനും തീരുമാനിച്ചു.


വൈസ് പ്രസിഡന്റ് വിൽസൺ ഇല്ലിക്കന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് റഷീദ സലിം ഉദ്ഘാടനം ചെയ്തു. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിങ് കമ്മിറ്റി ചെയർപഴ്സൺ ബിന്ദു ജയകുമാർ, വാരപ്പെട്ടി സാമൂഹിക ആരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ ഡോ. സഞ്ജു പോൾ വിഷയാവതരണം നടത്തി. പഞ്ചായത്തുകൾ അടിയന്തരമായി നടപ്പിലാക്കേണ്ട കാര്യങ്ങൾ ബി.ഡി.ഒ. വിശദീകരിച്ചു.

വിവിധ പഞ്ചായത്തിൽ നിന്നെത്തിയ ജനപ്രതിനിധികളും ബ്ലോക്ക് പഞ്ചായത്ത് ജനപ്രതിനിധികളും ഇപ്പോഴത്തെ ഓരോ പഞ്ചായത്തിലെയും പകർച്ച വ്യാധികൾ സംബന്ധിച്ച സ്ഥിതിഗതികളും ആരോഗ്യ ജാഗ്രതയുടെ ഭാഗമായി നടപ്പിലാക്കിവരുന്ന നടപടികളും വിശദീകരിച്ചു.

മൂവാറ്റുപുഴ പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് ക്ലിപ്തം നമ്പർ 4369
വസ്തുലേല പരസ്യം
[illegible]

2018 May 18th Friday

# വിശ്വജ്യോതി കോളജ് സംഘം യൂറോപ്യൻ രാജ്യങ്ങളിലെ വിവിധ സ്ഥാപനങ്ങൾ സന്ദർശിച്ചു



ഗ്ലോബൽ എഡ്യുക്കേഷന്റെ ഭാഗമായി വാഴക്കുളം വിശ്വജ്യോതി എൻജിനിയറിംഗ് കോളജ് ഡയറക്ടർ റവ.ഡോ.ജോർജ് താനത്തുപറമ്പിൽ, ട്രസ്റ്റ് ട്രഷറർ ലൂക്കാച്ചൻ ഓലിക്കൽ, ഡോ. കെ.കെ.രാജൻ, വിനോജ്, പ്രഫ. കെ.ജെ. ദേവസി എന്നിവർ യൂറോപ്യൻ രാജ്യങ്ങൾ സന്ദർശിച്ചു മടങ്ങിയെത്തിയപ്പോൾ.

**വാഴക്കുളം:** ഗ്ലോബൽ എഡ്യുക്കേഷന്റെ ഭാഗമായി വിശ്വജ്യോതി എൻജിനിയറിംഗ് കോളജിലെ അധ്യാപകരും മാനേജ്മെന്റ് പ്രതിനിധികളും ഉൾപ്പെടുന്ന സംഘം യൂറോപ്യൻ രാജ്യങ്ങൾ സന്ദർശിച്ച് മടങ്ങിയെത്തി. വിശ്വജ്യോതി കോളജ് ഡയറക്ടർ റവ. ഡോ. ജോർജ് താനത്തുപറമ്പിൽ, ട്രസ്റ്റ് ട്രഷറർ ലൂക്കാച്ചൻ ഓലിക്കൽ, ഇൻഡസ്ട്രി ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷൻ സെൽ ഡീൻ ഡോ. കെ.കെ. രാജൻ, മെക്കാനിക്കൽ വിഭാഗം മേധാവി വിനോജ്, മെക്കാനിക്കൽ വിഭാഗം പ്രഫസർ കെ.ജെ.ദേവസി എന്നിവരടങ്ങുന്ന സംഘമാണ് സന്ദർശനം നടത്തിയത്.

കോളജിലെ ഇൻഡസ്ട്രി ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷന്റെ ഭാഗമായാണ് സന്ദർശനം സംഘടിപ്പിച്ചത്. സ്വിറ്റ്സർലൻഡ് സൂറിച്ചിലെ പ്രമുഖ സർവകലാശാല ഇടിഎച്ച്, ഇന്റർനാഷണൽ ബിസിനസ് മെഷീൻ കോർപ്പറേഷന്റെ (ഐബിഎം) സൂറിച്ചിലുള്ള ഗവേഷണ കേന്ദ്രം, ജർമനിയിലെ പ്രശസ്തമായ ഗോട്ടിങ്ങൺ യൂണിവേഴ്സിറ്റി, അതിനോടനുബന്ധിച്ചുള്ള ഡിഎൽആർ എയ്റോസ്പേസ് സെന്റർ, ഓസ്ട്രിയയിലെ യുണൈറ്റഡ് നേഷൻസ് ആസ്ഥാനം, ഡെൻമാർക്കിലെ ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി, ഐബിഎമ്മിന്റെ സ്റ്റോക്ക്ഹോം സെന്റർ, ബോണിലെ സീനിയർ എക്സ്പെർട്ടൻ സർവീസസ് എന്നീ സ്ഥാപനങ്ങളാണ് സംഘം സന്ദർശിച്ചത്.

ഇതിനു പുറമെ കഴിഞ്ഞ മാസം 23 മുതൽ 27വരെ ജർമനിയിലെ ഹാനോവറിൽ ഹാനോവർ മെസെ എന്ന പേരിൽ നടന്ന അന്താരാഷ്ട്ര വ്യവസായ പ്രദർശനത്തിലും സംഘം പങ്കെടുത്തു. അധ്യാപകർക്കും വിദ്യാർഥികൾക്കും പരിശീലനം, ഉപരിപഠനം, ഗവേഷണം മുതലായവ യൂറോപ്യൻ രാജ്യങ്ങളിൽ ലഭ്യമാക്കുവാനുള്ള ചർച്ചകൾക്ക് തുടക്കം കുറിക്കുകയും അടുത്ത വർഷം ഏപ്രിൽ ഒന്നു മുതൽ അഞ്ചുവരെ നടക്കുന്ന ഹാനോവർ മെസെയിൽ വിശ്വജ്യോതിയുടെ പങ്കാളിത്തം ഉറപ്പുവരുത്തുകയും ചെയ്യുമെന്ന് കോളജ് മാനേജ്മെന്റ് അറിയിച്ചു.

# മികവ് പുരസ്കാ...
# വിതരണം നാളെ

...ാഴക്കുളം: ...ൂർ...
ത്തിന്റെ വികസനത്തിനായി ...
ത്നിച്ച ജനപ്രതിനിധികളെ
ജീവനക്കാരെയും ആദരിക...
തിന്റെ ഭാഗമായുള്ള മികവ്
സ്കാര വിതരണം നാളെ
ക്കും.

ഉച്ചകഴിഞ്ഞ് 2.30ന് വാഴക...
സഹകരണ ബാങ്ക് ഓഡിറ...
യത്തിൽ നടക്കുന്ന യോഗ...
ൽദോ ഏബ്രഹാം എംഎൽ...
ദ്ഘാടനം ചെയ്യും. പഞ്ചാ...
പ്രസിഡന്റ് ജോസ് പെരുമ...
ക്കുന്നേൽ അധ്യക്ഷത
ക്കും.

## അപേക്ഷ ക്ഷണി...

**മൂവാറ്റുപുഴ:** നഗരസഭയു...
ൽ പ്രവർത്തിക്കുന്ന പീ-...
ഹോസ്റ്റലിലേയ്ക്ക് 2018-19
ത്തേയ്ക്കുള്ള വിദ്യാർഥി...
ടെയും കരാർ അടിസ്ഥാന...
താത്കാലിക ട്യൂഷൻ അ...
കന്റെയും ഒഴിവുകളിലേ...
പേക്ഷ ക്ഷണിച്ചു. അപേ...
നഗരസഭ ഓഫീസിൽ 21...
യി നൽകണം. വിവരങ്ങ...
ഫീസുമായി ബന്ധപ്പെ...
ന്ന് സെക്രട്ടറി അറിയിച്ച...

## പട്ടികവിഭാഗങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടണം

**മൂവാറ്റുപുഴ:** പട്ടികവിഭാഗങ്ങൾക്ക് ഭരണഘടന ഉറപ്പുനൽകുന്ന അവകാശങ്ങൾക്കു മേലുള്ള സുപ്രീംകോടതിയുടെ ഇടപെടൽ ദൗർഭാഗ്യകരമാണെന്നും പട്ടികജാതി പട്ടികവർഗ അതിക്രമങ്ങൾ തടയൽ നിയമം ഭേദഗതി ചെയ്യരുതെന്നും മുസ് ലിംലീഗ് ജില്ലാ പ്രസിഡന്റ് കെ.എം. അബ്ദുൾ മജീദ് ആവശ്യപ്പെട്ടു.

ദളിത്‌ലീഗ് സംസ്ഥാന കമ്മിറ്റിയുടെ നേതൃത്വത്തിൽ എസ്‌സി, എസ്ടി നിയമം ഭേദഗതി ചെയ്യരുതെന്ന് ആവശ്യപ്പെട്ട് ഒരുലക്ഷം പേർ ഒപ്പിട്ട ഭീമഹർജി രാഷ്ട്രപതിക്കു നൽകുന്നതിന്റെ ജില്ലാതല ഉദ്ഘാടനം മൂവാറ്റുഴയിൽ ആദ്യഒപ്പു രേഖപ്പെടുത്തി നിർവഹിക്കുകയായിരുന്നു അദ്ദേഹം. ദളിത്‌ലീഗ് ജില്ലാ പ്രസിഡന്റ് കെ.എ. ശശി അധ്യക്ഷത വഹിച്ചു. മുസ്ലീംലീഗ് ജില്ലാ വൈസ് പ്രസിഡന്റ് പി.എം. അമീർഅലി മുഖ്യപ്രഭാഷണം നടത്തി.

## ഗവ. കോൺട്രാക്ടേഴ്സ് സഹ. സംഘം ഉദ്ഘാടനം ചെയ്തു

**മരട്:** ജനങ്ങളോട് അടുക്കാനാണ് എഴുപതുകളിൽ ബാങ്കുകൾ ദേശസാൽക്കരിച്ചതെന്നും എന്നാൽ ന്യൂജെൻ ബാങ്കുകളെപ്പോലെ ദേശസാൽകൃതബാങ്കുകളും ജനങ്ങളിൽനിന്നകന്നിരിക്കുകയാണെന്നും സഹകരണ മന്ത്രി കടകംപള്ളി സുരേന്ദ്രൻ. ജില്ലാ ഗവ. കോൺട്രാക്ടേഴ്സ് സഹകരണ സംഘത്തിന്റെ ഉദ്ഘാടനം കൊച്ചി ബിടിഎച്ച് സരോവരത്തിൽ നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.

പ്രസിഡന്റ് കെ.ഡി. ജോർജ് അധ്യക്ഷത വഹിച്ചു. ലോഗോ പ്രകാശനവും ആദ്യനിക്ഷേപ സ്വീകരണവും മേയർ സൗമിനി ജെയിൻ നിർവഹിച്ചു. വിദ്യാർഥികൾക്കുള്ള കാഷ് അവാർഡുകളും ഉപഹാരങ്ങളും ജോൺ ഫെർണാണ്ടസ് എംഎൽഎയും അംഗങ്ങളുടെ ഐഡി കാർഡ് വിതരണം കൗൺസിലർ വത്സല ഗിരീഷും നിർവഹിച്ചു. വൈസ് പ്രസിഡന്റ് എ.കെ. അനൂപ്കുമാർ സ്വാഗതം പറഞ്ഞു.



എറണാകുളം ജില്ലാ. ഗവ...
ൽ മന്ത്രി കടകംപള്ളി സ...

## വനിതാ സമാജം നവതി ഗ്ലോബൽ സമ്മേളനം ഇന്നു സമാപിക്കും

**കോലഞ്ചേരി:** മലങ്കര ഓർത്തഡോക്സ് സഭ മർത്താ മറിയം വനിതാ സമാജത്തിന്റെ നവതി ഗ്ലോബൽ സമ്മേളനം ഇന്നു സമാപിക്കും. രാവിലെ 6.30 ന് സെന്റ് ജോർജ് ഓർത്തഡോക്സ് കത്തീഡ്രലിൽ കുർബാന. തുടർന്ന് രാവിലെ 10ന് മണ്ണൂർ ക്രൈസ്റ്റ് നോളഡ്ജ് സിറ്റിയിൽ നടക്കുന്ന സമാപന സമ്മേളനം ഡോ. ടി. ടി ജു ഉദ്ഘാടനം ചെയ്യും. സമാജം പ്രസിഡന്റ് യൂഹാനോൻ മാർ പോളികാർപ്പസ് അധ്യക്ഷത വഹിക്കും.

## കർഷകർക...

**കോതമംഗലം:** കാർഷ...
ളുടെ വിലത്തകർച്ച...
തിരിയുന്ന കർഷക...
ബ്സിഡി നൽകണ...
എംഎൽഎ ജോണ...
ആവശ്യപ്പെട്ടു. കേ...
ന സർക്കാരുകളുടെ
രുദ്ധ നയങ്ങൾ...
സംസ്ഥാന സർക...
ണ്ടാം വാർഷികം ...
നമായി ആചരിക്കു...
ഭാഗമായി കേരള ...
ജേക്കബ് കോതമം...

## ഇന്നത്തെ സിനിമ

**മൂവാറ്റുപുഴ**

**ഐസക്സ്:** ഇരുമ്പുതുറൈ(11),ബി-ടെക്(2,6,9)
**മരിയ:** കാമുകി(11), അരവിന്ദന്റെ അതിഥികൾ(2,6,9)
**ലത- സ്ക്രീൻ1 :** എന്റെ പേര് സൂര്യ(11),കൃഷ്ണം(2,6,9)
**സ്ക്രീൻ 2:** ഗഡ്പൂർ(11,2,6). ഈ.മ.യൗ(9)
**വെട്ടുകാട്ടിൽ:** പ്രേമസൂത്രം(4)

**കോതമംഗലം**

**ആൻ ഡിജിറ്റൽ:** മഹാനദി (11,6,9), ഇരുമ്പുതുറൈ(2)
**ഇവിഎം:** കുട്ടൻപ്പിള്ളയുടെ ശിവരാത്രി(11,2), അരവിന്ദന്റെ അതിഥികൾ(6,9)
**ജവഹർ:** ഇരുമ്പുതുറൈ(11,2),പ്രേമസൂത്രം(6,9)
**ജി സിനിമാസ്-**
**സ്ക്രീൻ 1:** നാം(2),ബിടെക്(2)
**സ്ക്രീൻ 2:** കാമുകി(3), ഈ.മ.യൗ.(11).

## പോത്താനിക്കാട് പഞ്ചായത്ത് പ്രസിഡന്റ് രാജിവച്ചു

**പോത്താനിക്കാട്:** പഞ്ചായത്ത് പ്രസിഡന്റ് അലക്സി സ്കറിയ രാജി വച്ചു. രണ്ടാം വാർഡംഗമായിരുന്ന അലക്സി കോൺഗ്രസ് പാർട്ടിയിലെ ധാരണയുടെ അടിസ്ഥാനത്തിലാണ് രാജിവച്ചത്. രാജിക്കത്ത് ഇന്നലെ പഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറി.

## ചാലയ്ക്കൽ...

**കൂത്താട്ടുകുളം:** ത...
ഞ്ചായത്തിൽ ഏഴ...
ചാലയ്ക്കൽ-പുന...
ഡ് പഞ്ചായത്ത് ...
എൻ. വിജയൻ ഉ...
യ്തു. പഞ്ചായത്ത...
പ്രഭാകരൻ അധ...




സ്പിക് മാക്കെ വിദ്യാർഥികൾക്കായി സംഘടിപ്പിച്ച അഞ്ചു ദിവസത്തെ സൗജന്യ ശില്പശാലയിൽ പങ്കെടുത്ത കുട്ടികൾ

**മൂവാറ്റുപുഴ ▸** സ്പിക് മാക്കെ വിദ്യാർഥികൾക്കായി സംഘടിപ്പിച്ച അഞ്ചു ദിവസത്തെ ശില്പശാല സപര്യ - സമാപിച്ചു. കഥകളി, കളരിപ്പയറ്റ്, ചുവർചിത്രകല എന്നി വിഭാഗങ്ങളിൽ നടത്തിയ ശില്പശാലയിൽ നൂറോളം കുട്ടികൾ പങ്കെടുത്തു.

കഥകളിയിൽ കലാമണ്ഡലം ഹരിനാരായണൻ, ചുവർചിത്രത്തിൽ കെ.ആർ. ബാബു, കളരിപ്പയറ്റിൽ വല്ലഭട്ട കളരി സംഘത്തിലെ ദിനേശ് എന്നിവർ ക്ലാസ്സുകൾ നയിച്ചു. ചുവർചിത്ര ശൈലിയിൽ കുട്ടികൾ വരച്ച ചിത്രങ്ങളുടെ പ്രദർശനവും ഉണ്ടായിരുന്നു. സ്പിക് മാക്കെ മൂവാറ്റുപുഴ ചാപ്റ്റർ ചെയർമാൻ എൻ. ശിവദാസ് അദ്ധ്യക്ഷത വഹിച്ചു. മൂവാറ്റുപുഴ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ എ.സി. മനു മുഖ്യാതിഥിയായിരുന്നു. നാരായണ ശർമ്മ എ.വി., പ്രഗിൽ പ്രകാശ്, ഗോപകുമാർ എം., ശ്രീജിത് മോഹൻ എന്നിവർ സംസാരിച്ചു.

സ്കൂളുകൾ, കോളേജുകൾ എന്നിവിടങ്ങളിൽ ഭാരതീയ കലകളെ പരിചയപ്പെടുത്തുന്ന ശില്പശാലകളും സോദാഹരണ പ്രഭാഷണങ്ങളും സംഘടിപ്പിക്കുമെന്ന് സ്പിക് മാക്കെ ചെയർമാൻ എൻ. ശിവദാസ് പറഞ്ഞു.

# ബ്രാഹ്മണ ക്ഷേമ സഭ വ്യക്തിത്വ വികസന ശിബിരം നടത്തി



ബ്രാഹ്മണ ക്ഷേമ സഭയുടെ നേതൃത്വത്തിൽ മൂവാറ്റുപുഴയിൽ കുട്ടികൾക്കായി നടത്തിയ വ്യക്തിത്വ വികസന ശിബിരത്തിൽ ഇ.എൻ. നാരായണൻ നമ്പൂതിരി ക്ലാസെടുക്കുന്നു

**മൂവാറ്റുപുഴ ▸** ബ്രാഹ്മണ ക്ഷേമ സഭയുടെ നേതൃത്വത്തിൽ മൂവാറ്റുപുഴയിൽ കുട്ടികൾക്കായി വ്യക്തിത്വ വികസന ശിബിരം നടത്തി. ഇ.എൻ. നാരായണൻ നമ്പൂതിരി ക്ലാസെടുത്തു.

എസ്.എസ്.എൽ.സി–പ്ലസ്ടു പരീക്ഷകളിൽ ഉന്നത വിജയം നേടിയ ഇ.വി. ശ്രീദേവി, ആര്യ വിനീത്, പി.എസ്. ശ്രീലക്ഷ്മി എന്നിവരെ അനുമോദിച്ചു.

സഭാ പ്രസിഡന്റ് ഇ.വി. ദീപക്, സെക്രട്ടറി കശ്യപ് പതുപ്പിള്ളി, ട്രഷറർ ഇ.വി. വാസുദേവൻ നമ്പൂതിരി, ശിവദാസൻ നമ്പൂതിരി, ഇ.പി. വാസുദേവൻ, വനിതാ സഭാ സെക്രട്ടറി ഇന്ദു ബിജു തുടങ്ങിയവർ സംസാരിച്ചു.

# ആഗോള വിദ്യാഭ്യാസ സഹകരണം: വിശ്വജ്യോതി എൻജി. കോളേജിൽ നിന്ന് യൂറോപ്യൻ പര്യടനം

**വാഴക്കുളം ▸** വിശ്വജ്യോതി കോളേജ് ഓഫ് എൻജിനീയറിങ്ങിലെ അധ്യാപകരും മാനേജ്മെന്റ് പ്രതിനിധികളും ഉൾപ്പെടുന്ന സംഘം യൂറോപ്യൻ പര്യടനം നടത്തി. കോളേജിലെ ഇൻഡസ്ട്രി ഇൻസ്റ്റിറ്റ്യൂട്ട് ഇന്റർ ആക്ഷന്റെ ഭാഗമായിട്ടായിരുന്നു സന്ദർശനം.

ജർമ്മനിയിലെ ഹാനോവറിൽ നടന്ന ഹാനോവർ മെസ്സെ എന്ന വ്യവസായ പ്രദർശനത്തിലും പങ്കെടുത്തു. ജർമ്മനിയിലെ മെക്കാനിക്കൽ എൻജിനീയറിങ് ഇൻഡസ്ട്രി അസോസിയേഷനുമായി സഹകരിക്കുവാനും ധാരണയായിട്ടുണ്ട്. വിശ്വജ്യോതി കോളേജ് ഡയറക്ടർ ഡോ. ഫാ. ജോർജ് താനത്തുപറമ്പിൽ, ലൂക്കാച്ചൻ ഓലിക്കൽ, ഡോ. കെ.കെ. രാജൻ, വിനോജ്, പ്രൊഫ. ദേവസ്സി കെ.ജെ. എന്നിവരാണ് സംഘത്തിൽ ഉണ്ടായിരുന്നത്.

# പാരമ്പര്യേതര ഊ[…] കരുത്താർജിക്ക[…]

**പിറവം ▸** സംസ്ഥാനത്തിനാവശ്യമായ വൈദ്യുതിയുടെ 30 ശതമാനം മാത്രമേ ഇവിടെ ഉത്പാദിപ്പിക്കുന്നുള്ളുവെന്നിരിക്കെ സോളാർ വൈദ്യുതിയടക്കമുള്ള പാരമ്പര്യേതര ഊർജ മേഖലകൾ കരുത്താർജിക്കണമെന്ന് മന്ത്രി എം.എം. മണി പറഞ്ഞു.

പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്ത് ആവിഷ്കരിച്ചിരിക്കുന്ന 10 കെ.വി. സോളാർ വൈദ്യുതി ഉത്പാദന യൂണിറ്റ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. പാരമ്പര്യേതര മേഖലകളിൽ നിന്ന് ആയിരം മെഗാ വാട്ട് വൈദ്യുതി ഉയർത്തണമെന്ന് മന്ത്രി അഭിപ്രായപ്പെട്ടു.

പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്ത് എട്ട് ലക്ഷം രൂപ ചെലവിൽ നടപ്പാക്കിയ സോളാർ വൈദ്യുത നിലയം സംസ്ഥാനത്തിന് മാതൃകയാണെന്ന് മന്ത്രി പറഞ്ഞു.

ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കുന്ന ജൈവ പച്ചക്കറി കൃഷി വികസന പദ്ധതിയും മന്ത്രി ഉദ്ഘാടനം ചെയ്തു.

ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സുമിത്ത് സുരേന്ദ്രൻ അധ്യക്ഷനായി. ലൈഫ് ഭവന നിർമാണ പദ്ധതിയുടെ ഒ[…] ഘട്ടം നൂറ് ശതമാനം പൂർ[…] കരിച്ച ഉദ്യോഗസ്ഥരെ […] പഞ്ചായത്ത് പ്രസിഡന്റ് […] സനിൽ അനുമോദിച്ചു.

തൊഴിലുറപ്പ് പദ്ധതി[…] 150 ദിവസം പൂർത്തീകരി[…]



മന്ത്രി എം.എം. മണിയും […] സോളാർ വൈദ്യുത നിലയ[…]

# പട്ടിക ജാതി കമ്മിഷൻ റിപ്പോ[…]

**പെരുമ്പാവൂർ ▸** വെങ്ങോല ഗ്രാമപ്പഞ്ചായത്തിൽ കഴിഞ്ഞ വർഷം അനുവദിച്ച പട്ടികജാതി, വർഗ ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നതിൽ അനാസ്ഥ കാണിച്ചു എന്ന പരാതിയിൽ സംസ്ഥാന പട്ടികജാതി, പട്ടികവർഗ ഗോത്ര വർഗ കമ്മിഷൻ പഞ്ചായത്ത് സെക്രട്ടറിക്ക് നോട്ടീസ് നൽകി. 30 ദിവസത്തിനകം റിപ്പോർട്ട് നൽകണം.

വെങ്ങോല പഞ്ചായത്തിൽ പ്രോജക്ടുകളുടെ നിർവഹണത്തിൽ അലംഭാവം ഉണ്ടാ[…] ള്ളതായി പഞ്ചായത്ത് ഡെ[…] ട്ടി ഡയറക്ടർ പഞ്ചായത്ത് […] റക്ടർക്ക് നേരത്തെ റിപ്പോ[…] ചെയ്തിരുന്നു.

പല പദ്ധതികളും പഞ്ചാ[…] ത്തിന്റെ അനാസ്ഥ കാര[…] കൃത്യമായി നടപ്പിലാക്കാൻ […] ഞ്ഞില്ല. പട്ടികവിഭാഗത്[…] പ്പെട്ട വിദ്യാർഥികളുടെ പ[…] നിലവാരം ഉയർത്തുന്ന[…] ന് അനുവദിച്ച പദ്ധതി[…] പലതും സ്കൂൾ അടച്ച ശേ[…]

# തിരുമാറാടിയിൽ കാർ കെട്ടിവ[…]



തിരുമാറാടി കോൺഗ്രസ് മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തി[…] വിലവർധനയ്ക്കെതിരെ വാഹനം കെട്ടിവലിച്ച് നടത്തിയ പ്രതിഷേ[…]

**കൂത്താട്ടുകുളം ▸** തിരുമാറാടി കോൺഗ്രസ് മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ പെട്രോൾ-ഡീസൽ വിലവർധനയ്ക്കെതിരേ വാഹനം കെട്ടിവലിച്ച് പ്രതിഷേധിച്ചു. മണ്ഡലം പ്രസിഡന്റ് സാജു മട[…] ലി, ബിനോയ് കള്ളാട്ടുക[…] ബെന്നി മംഗലശ്ശേരി,

സെബാസ്റ്റ്യൻ പൈലി, […] .എൻ.സി. പണിക്കർ, നെ[…] ജോർജ്, കെ.എസ്. മായ[…]

Mathrubhumi 23rd May 2018
Wednesday

COLLEGE CODE V.J.C.

NO REFUNDABLE DEPOSIT

Always ahead in Quality Education

# VISWAJYOTHI
## COLLEGE OF ENGINEERING AND TECHNOLOGY


VAZHAKULAM, MUVATTUPUZHA, KERALA - 686670

Established in 2001. Managed by the Catholic Diocese of Kothamangalam

**B.TECH** CE | CSE | EEE | ECE | ME | IT

**M.TECH** CSE | ECE | ME **MBA**

## B.TECH ADMISSION STARTED



**ADMISSION HELPLINE**
+91 9605760293, +919495654321
www.vjcet.ac.in

Last date of B.Tech Management Application : 5th June

★ International Internship ★ Placement Assured
★ FAB Lab ★ IELTS & GATE Training

Post metric & Tuition Fee Reimersment Scholarship ലഭ്യമാണ്

E1805-374278

Deepika
30th May 2018, Wednesday